**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 53** **28.05.2019-ന് മറുപടി നൽകേണ്ടിയിരുന്നത്**

**വോട്ടർപ്പട്ടികയിലെ ക്രമക്കേട്**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി.എസ്. ശിവകുമാർ<br>ശ്രീ. ഷാഫി പറമ്പിൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ പല മണ്ഡലങ്ങളിലും ഒട്ടേറെ പേരെ ഒഴിവാക്കിയാണ് ഇപ്രാവശ്യത്തെ ലോകസഭ തെരഞ്ഞെടുപ്പിനുള്ള അവസാന വോട്ടർപ്പട്ടിക തയ്യാറാക്കിയതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്തവരെയും കരട് വോട്ടർ പട്ടികയിൽ പേരുണ്ടായിരുന്നവരെയും ഒഴിവാക്കിയ സാഹചര്യം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;<br><br>സി) എങ്കിൽ ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുമോ? | (എ)<br>(ബി)<br>(സി)<br>സമ്മതിദായകപ്പട്ടികയിൽ പേര് ഉൾപ്പെടുത്തിയില്ല/ ഒഴിവാക്കപ്പെട്ടു എന്നുള്ള പരാതികൾ ഇലക്ഷൻ ഓഫീസർമാർക്ക് ലഭിച്ചിട്ടുണ്ട്. പരാതികൾ ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ (ജില്ലാ കളക്ടർ) മുഖാന്തിരം വിശദമായി പരിശോധിച്ച് വരികയാണ്. ഏതെങ്കിലും വ്യക്തിയെ മനഃപൂർവ്വമായാണ് ഒഴിവാക്കിയത് എന്ന് കണ്ടെത്തിയാൽ ഉത്തരവാദികൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് CEO അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ